7

# യേശു: ചരിത്ര പുരുഷൻ

പുതിയ നിയമ പുസ്തകങ്ങളിൽ വിശദീകരിച്ചിട്ടുള്ള യേശുവിനെ കുറിച്ചുള്ള പഴയനിയമ പ്രവചനങ്ങൾ നിറവേറിയിട്ടുള്ളതു വിശ്വസനീയമോ? യേശു നസറേത്തിൽ, ഒന്നാം നൂറ്റാണ്ടിൽ ജീവിച്ചിരുന്നു, എന്ന് ഈ രാജ്യത്തിൽ ഒരാൾക്കു എങ്ങനെ അറിയാം? അവന്റെ അത്ഭുത ജീവിത കഥ വെറും ഊഹിക്കാവുന്ന ചിന്ത മാത്രമാണോ? ആദ്യ ക്രിസ്ത്യാനികൾ അത്തരം ഒരാൾ തങ്ങളോടുകൂടെ ജഡത്തിൽ ജീവിച്ചിരുന്നതും മഹത്വത്തിൽ ആയതും അവർ നേരിട്ടു കണ്ടു എന്നു പറഞ്ഞിരിക്കുന്നു. എങ്ങനെയായാലും, അവർ മനുഷ്യവർഗ്ഗത്തിലെ മഹത്വകരമായ ഊഹം നടത്തുക മാത്രമായിരുന്നോ?

യേശുവിന്റ ജീവിതത്തെ നാലു സുവിശേഷങ്ങളും വിവരിക്കുന്നത് വിശദമായി പരിശോധിച്ചു, നമ്മുടെ കാലത്തെ അവിശ്വാസത്തെ പ്രതിനിധീകരിക്കുന്നവരുടെ, വിശ്വസനീയ ചരിത്രരേഖകൾ നിലവിലുണ്ട്.[1] മത്തായി, മർക്കൊസ്, ലൂക്കൊസ്, യോഹന്നാൻ എന്നിവർ യേശുവിന്റെ ഇതിഹാസത്തെ പിൻപറ്റിയ സ്വയം വഞ്ചകരായിരുന്നു എന്നു ഒരാൾ കരുതിയാൽ, അയാൾ അ – ക്രൈസ്തവരുടെ പ്രസ്താവനകൾ കേൾക്കുമ്പോൾ ആ ചിന്തമാറ്റും. ആദ്യ നൂറ്റാണ്ടുകളിലെ അ – ക്രൈസ്തവരുടെ ഉദ്ധരണികൾ അധികമൊന്നും ലഭ്യമല്ലെങ്കിലും, യേശുവിനെക്കുറിച്ചു നിലവിലുള്ള ഏതാനും പ്രസ്താവനകൾ തെളിയിക്കുന്നതു അവൻ വാസ്തവത്തിൽ ജീവിച്ചിരുന്നു എന്നാണ്.[2]

### ഫ്ളേവിയസ് ജോസെഫസ്

സഭ ആരംഭിച്ചു ഏഴു വർഷത്തിനു ശേഷം ജനിച്ച പരീശനായിരുന്നു, വിദ്യാഭ്യാസമുള്ള ഫ്ളേവിയസ് ജോസെഫസ്. അവൻ ജീവിച്ചതു പുതിയ നിയമ എഴുത്തു പൂർത്തിയാക്കിയ ശേഷം. അവൻ ക്രിസ്ത്യാനിയായിരുന്നില്ല എങ്കിലും, യേശുവിനോടു അവനു ബഹുമാനമുണ്ടായിരുന്നു:

> ഇപ്പോൾ ഏതാണ്ട് ഈ സമയത്തു, അദ്ദേഹത്തെ മനുഷ്യൻ എന്നു വിളിക്കുന്നതു നിയമപരമെങ്കിൽ; ബുദ്ധിമാനായ മനുഷ്യൻ ഉണ്ടായിരുന്നു, മനോഹര പ്രവൃത്തികൾ ചെയ്ത മനുഷ്യൻ, അത്തരം ആളുകൾ അദ്ദേഹത്തിൽ നിന്നും സത്യം സന്തോഷ

ത്തോടെ ഉപദേശമായി സ്വീകരിച്ചു. അനേകം യെഹൂദന്മാരെയും ജാതികളെയും തന്നിലേക്കു അവൻ ആകർഷിച്ചു. അവൻ [ഏക] ക്രിസ്തുവായിരുന്നു. നമ്മിൽ പ്രമുഖരായ ആളുകളുടെ നിർദ്ദേശ പ്രകാരം, പിലാത്തൊസ് കുറ്റം വിധിച്ചു ക്രൂശിലേക്ക് അയച്ചു, അവൻ ആദ്യം സ്നേഹിച്ചവർ അവനെ വിട്ടുകളഞ്ഞില്ല, അത്ഭുതകരമായ കാര്യങ്ങളെയും അവനെകുറിച്ചുള്ള ദൈവിക പ്രവചനങ്ങൾ ഉണ്ടാ യിരുന്നു അവന്റെ പേർ എടുത്ത ക്രിസ്ത്യാനികൾ അക്കാലത്ത് അറ്റുപോയിരുന്നില്ല.[3]

ആരാധനയോടൊപ്പം വാക്കുകൾ അശ്രദ്ധമായി ഉപയോഗിക്കുന്നതു, ജൊസെഫസിന്റെ സ്വഭാവമായിരുന്നു എന്നു അവന്റെ മുമ്പിലത്തെ പ്രസ്താവന സൂചിപ്പിക്കുന്നു, കാരണം അവൻ സുവിശേഷത്തിൽ വിശ്വാസം അർപ്പിച്ചിരിക്കുന്നു എന്നു വരുത്തിയിരിക്കുന്നു.[4] എങ്ങനെ യായാലും, അവന്റെ വാസ്തവത്തിലുള്ള വിശ്വാസം, പിന്നീടുള്ള അവന്റെ പുസ്തകത്തിൽ, തെറ്റു തിരുത്തുന്നുണ്ട്; ആ എഴുത്തിൽ യേശു വിനെ "ക്രിസ്തു എന്നു വിളിക്കപ്പെട്ടവൻ" എന്നു പരാമർശിച്ചിരിക്കു ന്നു.[5]

ജോസെഫസ് യേശു ദൈവമാണെന്നു വിശ്വസിച്ചിരുന്നില്ല എങ്കിലും, ഒന്നാം നൂറ്റാണ്ടിൽ യേശു ജീവിച്ചിരുന്നു എന്നു ശക്തമായി അവൻ വിശ്വസിച്ചിരുന്നു. ക്രിസ്തീയ "വർഗ്ഗ" ത്തിനു പുറത്തു നിന്നുള്ള ജോസെ ഫസിന്റെ വാക്കുകൾ ആരെങ്കിലും യേശുവിനെ ഇതിഹാസ പുരുഷനായി കാണുന്നുണ്ടെങ്കിൽ അതുതെറ്റാണെന്നു തെളിയും.

## താൽമുദ്യകൾ

ആദ്യത്തെ അഞ്ചു നൂറ്റാണ്ടുകളിലെ യെഹൂദന്മാരുടെ എഴു ത്തുകളായ താൽമൂദുകളുടെ (രണ്ടു ഭാഗങ്ങൾ, മാഷ്നായും ജെമാര യും) യേശുവിനെക്കുറിച്ചു പറയുന്നുണ്ട്. പ്രതീക്ഷിക്കാവുന്നതുപോലെ, വാക്യങ്ങൾ വിരളവും എതിർപ്പുളളതുമാണ്; എന്നാൽ ആ യഥാർത്ഥ മായ – യേശു എന്ന ആശയം താൽമൂദ്[6] നിഷേധിക്കുന്നുണ്ട്. "ഏലിയുടെ മകൾ മറിയയുടെ മകൻ, നസറേതത്തുകാരനായ യേശുവിനെ" പറ്റി അവർ പറയുന്നുണ്ട്."[7] അവർ അവന്റെ മിസ്രായിമിലേക്കുള്ള യാത്ര ചൊല്ലുകയും അവന്റെ അത്ഭുതം ചെയ്യുവാനുള്ള കഴിവു തിരിച്ചറിയു കയും ചെയ്യുന്നുണ്ട്. എങ്ങനെയായാലും, അവർ പറയുന്നതു അവന്റെ ശക്തി ഒന്നുകിൽ അവൻ ദൈവാലയത്തിൽ നിന്നു ദൈവശക്തി കവർന്നെടുത്തത് അല്ലെങ്കിൽ അവൻ പഠിച്ചതു മിസ്രയിം മന്ത്രവാദം. പ്രത്യേകമായി ക്രിസ്തുവിനെ അനുഗമിച്ചവരുടെ പേരെടുത്തു പറയു ന്നുണ്ട്, മത്തായി, തട്ടായിയെബൗനി എന്നും നിക്കൊദേമൊസിനെയും പറയുന്നുണ്ട്. പെസഹയിലെ ക്രൂശീകരണം ഒഴിവാക്കിയില്ല, എന്നാൽ സൂചനകൾ എല്ലാം യേശു മന്ത്രവാദിയും പ്രലോഭിപ്പിക്കുന്നവനും ആണെന്നതു ദുഷിച്ച കൃത്യവാക്കുകൾ ആയിരുന്നു.[8]

നിന്ദാഗർഭമായി, റബ്ബിമാർ യേശുവിനെക്കുറിച്ചു പറഞ്ഞതു, "തൂങ്ങി യവൻ" എന്നും "കന്യകയുടെ മകൻ" എന്നും ആണ്.[9] കൂടാതെ, റബ്ബി

മാർ "സുവിശേഷം," എന്ന വാക്കിനെ അവർ കളിയാക്കി. അവരുടെ ഭാഷയിൽ അർത്ഥം "ഇനീക്വിറ്റി ഓഫ് ദ മാർജിൻ", അല്ലെങ്കിൽ "എഴുത്തു പലകയിലെ പാപം" എന്നാണ്.[10] അവർ യേശുവിനെ ഇതിഹാസ പുരുഷനായി പരിഗണിച്ചാൽ, തീർച്ചയായും അവർ യേശുവിനെ അക്രമിക്കുന്നതു വ്യത്യസ്ത രീതിയിലായിരിക്കും. അവരുടെ ഇതിഹാസ പുരുഷനായി പരിഗണിച്ചാൽ, തീർച്ചയായും അവർ യേശുവിനെ അക്രമിക്കുന്നതു വ്യത്യസ്ത രീതിയിലായിരിക്കും. അവരുടെ പരിഹാസം എല്ലാം നസറേത്തുകാരൻ തച്ചന്റെ യാഥാർത്ഥ്യത്തെ അടിസ്ഥാനപ്പെടുത്തിയായിരുന്നു.

### കൊർന്നെല്യോസ് ടാസിറ്റസ്

റോമാ സാമ്രാജ്യത്തിലെ മറ്റൊരു പ്രമുഖ ചരിത്രകാരനായിരുന്നു, കൊർന്നെല്യോസ് ടാസിറ്റസ്. ഏതാണ്ട്, ഏ.ഡി.110-ൽ, നീറോയുടെ കാലഘട്ടത്തിൽ (ഏ.ഡി.54-68) റോമിന്റെ മൂന്നിൽ - ഒന്ന് കത്തിപ്പോയതായി എഴുതി വിവരിക്കുന്നുണ്ട്. 64 ലെ "വലിയ തീ" കൊളുത്തിയതു നീറോ ആണെന്നു ചില റോമാക്കാർ പറഞ്ഞപ്പോൾ, അവൻ ആ ആരോപണത്തെ ചെറുത്തു. അവന്റെ വിവരണഭാഗത്തിൽ, ടാസിറ്റസ് എഴുതി,

> അതുകൊണ്ടു, കിംവദന്തിയെ ദുർബ്ബലപ്പെടുത്തുവാൻ, നീറോ കുറ്റവാളികൾക്കു പകരം നീറോ, ഏറ്റവും മൃഗീയ ക്രൂരതയാൽ ഒരു കൂട്ടരെ സ്ഫുടത വരുത്തി, ക്രിസ്ത്യാനികളായി ജീവിച്ചവരുടെ ദുരാചാരങ്ങളെ വെറുത്തുകൊണ്ടാണ് ചെയ്തതെന്നു വരുത്തി. ക്രിസ്തോസ്, എന്ന വാക്കിൽ നിന്നാണ് അവർക്ക് ക്രിസ്ത്യാനികൾ എന്ന പേരുണ്ടായത്. ടൈബീരിയസ് ചക്രവർത്തിയായിരുന്നപ്പോൾ; നാടുവാഴിയായിരുന്ന പൊന്തിയൊസ് പിലാത്തൊസ് ആണ് തൂക്കി കൊല്ലുവാൻ വിധിച്ചത്, യെഹൂദ്യയിൽ മാത്രം അല്ല, അക്രമം പുറപ്പെട്ടത്, റോമിലും ഭയങ്കരവും പൈശാചികവും ലജ്ജാകരവുമായ സംഭവങ്ങൾ കൂട്ടായി കാണാൻ തുടങ്ങി.[11]

അവന്റെ എഴുത്തുകൾ കാണിക്കുന്നതു ടാസിറ്റസ് "ക്രിസ്ത്യാനികളുടെ ശൈലി" വെറുത്തു എന്നാണ്, പക്ഷെ അതു തെളിയിക്കുന്ന മറ്റൊരു കാര്യം "ക്രിസ്റ്റോസിനെ" "പൊന്തിയൊസ് പിലാത്തൊസ് തൂക്കി കൊന്നു എന്നാണ്."

### സി.പ്ലീനിയസ് സെക്കുന്തൊസ്

ബിഥ്യനിയിലെ നാടുവാഴിയായിരുന്ന, സി.പ്ലീനിയസ് സെക്കുന്തൊസ്, മറ്റൊരു ആനുകാലിക റോമൻ എഴുത്തുകാരനായിരുന്നു. അവനെ അറിയപ്പെട്ടിരുന്നത് പ്ലിനി "ദ യങ്ങർ" എന്നാണ്, അതു അതേപേരിലുണ്ടായിരുന്ന പ്രമുഖനായ അവന്റെ അങ്കിളിൽ നിന്നു വേർതിരിച്ചു അറിയുവാനായിരുന്നു. തന്റെ നാട്ടിലുള്ള ക്രിസ്ത്യാനികളെ എന്തു ചെയ്യണമെന്ന ഉപദേശം ചോദിച്ച് അവൻ ഏ.ഡി. 112-ൽ, ട്രാജൻ ചക്രവർത്തിയോടു എഴുതി ചോദിച്ചു.

പുറജാതിക്കാരുടെ ക്ഷേത്രമെല്ലാം കൈവിടുകയും, ക്രിസ്ത്യാനികൾ ക്രിസ്തുവിന്റെ നാമത്തിനു വേണ്ടി മരണം വരെ കഷ്ടം ഏല്ക്കുവാനും തയ്യാറായി, അതുകൊണ്ട് പ്ലീനിയസിനു അത് യേശുവിനെ കുറിച്ചുള്ള ഇതിഹാസം തുടങ്ങി വ്യാപിച്ചു "സാംക്രമികരോഗമായി" എന്നു വിശ്വ സിക്കുവാൻ പ്രയാസമായി. പ്ലിനിയുടെ അഭിപ്രായം ചിത്രീകരിക്കുന്നത് ക്രിസ്തീയ സ്വാധീനം: ഈ അന്ധവിശ്വാസ സാംക്രമിക രോഗം പട്ടണത്തിൽ മാത്രമല്ല, ഗ്രാമങ്ങളിലേക്കും, നാട്ടിൻ പുറങ്ങളിലേക്കു പോലും വ്യാപിപ്പിച്ചു[12]

**സ്വീടോണിയസ്**

ഏ.ഡി. 49-ൽ ക്ലൌദ്യോസ് ചക്രവർത്തി ഏതാണ്ട് ഏ.ഡി. 120-ൽ ഉഗ്രമായ നടപടി എടുത്തതായി ടാസിറ്റസിന്റെ അതേ കാലത്തെ സഹ - ചരിത്രകാരനായിരുന്ന സ്വീട്ടോണിയസ് (65-135), എഴുതുകയുണ്ടായി: "യെഹൂദന്മാർ ക്രെസ്തോസിനെതിരായി ദുഷ്ടപ്രേരണ ചെലുത്തി നിരന്തരം ശല്യപ്പെടുത്തിയതുകൊണ്ട്, അവൻ അവരെ റോമിൽ നിന്നു പുറത്താക്കി[13]" (ടാസിറ്റസ് അവനെ "ക്രിസ്തോസ്" എന്നാണ് വിളിച്ചത്,[14] സ്വീറ്റോണിയസ് വിളിച്ചത് "ക്രെസ്തോസ്"[15]).

ക്ലൌദ്യൊസിന്റെ വാഴ്ച്ചയുടെ ഒമ്പതാം ആണ്ടിലായിരുന്നു ആ പുറത്താക്കൽ സംഭവിച്ചതെന്നു എഴുത്തുകാരനായിരുന്ന ഒരോസിയസ് പറഞ്ഞിട്ടുണ്ട്. വെർനെർ കെല്ലർ ചൂണ്ടിക്കാണിച്ചതുപോലെ, അതായതു ഒരു ക്രിസ്തീയ സമൂഹം റോമിലുണ്ടായിരുന്നു "ക്രൂശീകരണം നടന്നിട്ട് പതിനഞ്ചു ഇരുപതു വർഷത്തിൽ കൂടുതൽ ആയിട്ടില്ല."[16]

റോമൻ യെഹൂദ സങ്കേതത്തിലെ അവിശ്വാസികളായ യെഹൂദന്മാർ ക്രിസ്ത്യാനികളെ സ്പഷ്ടമായും ഉപദ്രവിച്ചുകൊണ്ടിരുന്നു. അവർ അത്തരം പരസ്യമായ ബഹളം ഉണ്ടാക്കിയതിൽ ക്ലൌദ്യൊസിനു വെറുപ്പു ണ്ടായി. അതിനാൽ, ചക്രവർത്തി, അതിനെ നോക്കി കണ്ടത്, യെഹൂദ ന്മാർക്കിടയിലെ കലഹം ആയിട്ടാണ്; അതുകൊണ്ട് എല്ലാ യെഹൂദ ന്മാരോടും റോം വിട്ടുപോകുവാൻ കല്പിച്ചു. ആ അസന്തുഷ്ടരായ കൂട്ട ത്തിൽ അക്വിലാവും പ്രിസ്ക്കില്ലയും ഉണ്ടായിരുന്നു. കൊരിന്തിൽ "പെന്തൊസുകാരനായ, യെഹൂദനായ, ഇറ്റലിയിൽ നിന്നു വന്ന അവന്റെ ഭാര്യ പ്രിസ്ക്കില്ലയെയും കൊരിന്തിൽ പൗലൊസ് കണ്ടു. കാരണം എല്ലാ യെഹൂദന്മാരും റോം വിട്ടു പോകുവാൻ കല്പിച്ചതുകൊണ്ടാണ്; ..." (പ്രവൃത്തികൾ 18:2). ഈ ദു:ഖകരമായ അവസ്ഥ സൂചിപ്പിക്കുന്നത്, യേശു മരിച്ചു ഇരുപതു വർഷങ്ങൾക്കുള്ളിൽ റോമിൽ അസംഖ്യം ക്രിസ്ത്യാനി കൾ ഉണ്ടായിരുന്നു എന്നാണ്. സ്വീടോണിയോസ് അഭിപ്രായപ്പെട്ടതു പോലെ "ക്രെസ്തോസ്" ഉണ്ടായിരുന്നില്ലെങ്കിൽ ഇതു സംഭവിക്കുകയില്ല എന്നതിനു തെളിവാണ്. അതിനാൽ യേശുവിന്റെ ചരിത്രത്തെ അവന്റെ വിരോധികൾ പോലും, സമ്മതിക്കുന്നു.

**ഉപസംഹാരം**

ജീവിച്ചു, ശ്വസിച്ചു, മരിച്ച നസറേത്തുകാരനായിരുന്ന യേശുവിനെ മാറ്റിനിർത്താവുന്നതല്ല, കാരണം അവൻ ചെയ്തതു "ഒരു കോണിൽ

നടന്നതല്ല" (പ്രവൃത്തികൾ 26:26). ക്രിസ്തുവിനെക്കുറിച്ചുള്ള മറ്റെന്തിനെയെല്ലാം എതിർത്താലും അവൻ വാസ്തവത്തിൽ ഉള്ളവനായിരുന്നു എന്നു സമ്മതിക്കും. "വിവരം ഉള്ള ആരും തന്നെ നെപ്പോളിയൻ ബോണപ്പാർട്ടും, ഒലിവർ ക്രോംവെലും, ജൂലിയസ് സീസറും," നസറേത്തുകാരനായ യേശുവും ജീവിച്ചിരുന്നില്ല എന്നു പറയുകയില്ല. "ജൂലിയസ് ജീവിക്കുകയും, ഗൗളിൽ യുദ്ധം ചെയ്യുകയും, റോമൻ സെനറ്റിൽ കൊല്ലപ്പെടുകയും ചെയ്തു എന്ന വസ്തുത വാസ്തവമാണെന്ന് എല്ലാ അധികാര ചരിത്രവും സമ്മതിക്കും; എന്നാൽ അവ ആധുനിക കാലത്തിനടുത്ത് നടന്നവയല്ല, അല്ലെങ്കിൽ പകുതിയും നന്നായി സാക്ഷ്യപ്പെടുത്തിയതോ അല്ല, പക്ഷെ യേശു ജീവിക്കയും, യെഹൂദ്യ, ഗലീല തുടങ്ങിയ സ്ഥലങ്ങളിൽ പ്രസംഗിക്കയും, കാൽവരിയിൽ ക്രൂശിക്കപ്പെടുകയും ചെയ്തു."[18]

ഫ്രെഡറിക് സി. ഗ്രാന്റ് അവകാശപ്പെട്ടതു, "'ക്രിസ്തു – ഇതിഹാസം' എന്ന ആധുനിക സിദ്ധാന്തങ്ങൾ എല്ലാ ശാസ്ത്രീയ ചരിത്രകാരന്മാരും തള്ളിക്കളഞ്ഞു" എന്നാണ്.[19] ഒരു ലെക്ചറർ താഴെ കൊടുത്തിരിക്കുന്ന പ്രസ്താവന നടത്തിയിരിക്കുന്നു:

> [യേശു] ഒരിക്കലും ജീവിച്ചിട്ടില്ല എന്നും, അവന്റെ ജീവിത വിവരണങ്ങൾ കണ്ടുപിടിത്തങ്ങളാണെന്നും, ഊഹിക്കുക കൂടുതൽ വിഷമകരവും കൂടുതൽ ചരിത്ര പ്രശ്നങ്ങൾ ഉണ്ടാക്കുന്നതുമാണ്, അതിനേക്കാൾ എളുപ്പം സുവിശേഷ സംഭവങ്ങളിലെ വസ്തുതകൾ സ്വീകരിക്കുകയാണ്.[20]

എഫ്. എഫ്. ബ്രൂസ് പറഞ്ഞു, "ചില എഴുത്തുകാർ 'ക്രിസ്തു – ഇതിഹാസം' എന്ന ആകർഷണ കളിപ്പാട്ടമാക്കിയിട്ടുണ്ട്, എന്നാൽ അവർ അങ്ങനെ ചെയ്യുന്നതു ചരിത്രപരമായ തെളിവിന്റെ അടിസ്ഥാനത്തിലല്ല."[21]

"പുതിയ നിയമം എഴുതപ്പെടാതിരിക്കയും, പിതാക്കന്മാർ നിശബ്ദത പാലിക്കയും ചെയ്തിരുന്നു എങ്കിൽ, നാം പുറത്തു നിന്നു വിവരങ്ങൾ [അതായതു, അവിശ്വാസികളുടെ പ്രസ്താവനകൾ], ക്രിസ്ത്യാനിത്വത്തിലെ എല്ലാം ശേഖരിക്കുവാൻ നിർബ്ബന്ധിതരായേനെ,"[22] ക്രിസ്ത്യാനിത്വം, പിന്നെ ചരിത്രത്തിലും ഭൂമിശാസ്ത്രത്തിലും അടിസ്ഥാനപ്പെടുത്തിയതാകുമായിരുന്നു. കൺഫ്യൂഷിയസിന്റെ നിഴലിലാകുന്നതിനും, സംശയാലുവായ ബുദ്ധന്റേതിൽ നിന്നും, യേശു ജൂലിയസിനെ പോലെ യഥാർത്ഥ വ്യക്തിയാകുന്നു. ഈ ചോദ്യം അപ്പോൾ ഉന്നയിച്ചുപോകും "മനുഷ്യപുത്രനെ നിങ്ങൾ ആർ എന്നു പറയുന്നു?" അവനു ഉത്തരം പറയുവാൻ കാര്യമായ ചില അടിസ്ഥാനം ഉണ്ട്.

---

കുറിപ്പുകൾ

[1]"പുതിയ നിയമ രേഖകളുടെ അടിസ്ഥാന വിശ്വാസയോഗ്യത" വെല്ലുവിളിനേരിട്ട സമയം ഉണ്ടായിരുന്നു, "എന്നാൽ ദീർഘ സാഹചര്യം കഴിഞ്ഞുപോയി" (ജോൺ എച്ച്.

ജെഴ്സ്റ്റനർ, *റീസൺസ് ഫോർ ഫെയിത്ത്* ധന്യൂ യോർക്ക്.: ഹാർപ്പർ ബ്രദേഴ്സ്, 1960 പ, 86). [2]അ – ക്രൈസ്തവ അഭിപ്രായങ്ങൾ “എതിർപ്പുകളെ നേരിടുവാൻ സഹായകരമായേക്കാം, 19–ാം നൂറ്റാണ്ടിന്റെ അവസാനം ചില വിമർശകർ അതു ഗൗരവമായി എടുത്തിട്ടുണ്ട്, അതായതു, യേശു വാസ്തവത്തിൽ ജീവിച്ചിരുന്നില്ല, ആ കഥകളെല്ലാം ഇതിഹാസം വിപുലീകരിക്കുന്നതാണ്, ഒരു ദൈവം ഭൂമിയിൽ കുറെ കാലം മനുഷ്യരൂപത്തിൽ പ്രത്യക്ഷപ്പെട്ടു” (*എൻ സൈക്ലോപീഡിയ ബ്രിട്ടാനിക്ക*, 1962 ഇഡി., എസ്.വി “ജീസസ് ക്രൈസ്റ്റ്,” ബൈ ജാരോസ്ലാവ് ജാൻ പെലിക്കൻ). [3]ജോസെഫസ് *ആന്റികിറ്റീസ്* 18.3.3. [4]ക്രിസ്തുവിനു – മുമ്പുള്ള ജോസെഫസിന്റെ പ്രസ്താവന അനേകം ലേഖകന്മാർ തറപ്പിച്ചു പറയുന്നത്, മുഴുവൻ ഭാഗവും കൂട്ടിച്ചേർത്തതാണ്. ഈ കൂട്ടിച്ചേർത്ത ചില വാക്കുകൾ അതേ ഫലം കിട്ടുവാൻ ചില വാക്കുകളെ കൂട്ടിച്ചേർക്കുവാൻ തീരുമാനിച്ചു (ജോസെഫ് ക്ലൗസ്നർ, *ജീസസ് ഓഫ് നസറേതത്ത്: ഹിസ് ലൈഫ്, ടൈംസ് ആന്റ് ടീച്ചിങ്ങ്* ട്രാൻസ്. ഹെർബെർട്ട് ഡാൻ ബൈ ധന്യൂയോർക്ക്. മാക്മില്ലൻ കമ്പനി, 1929 പ, 56). ജോസെഫസിന്റെ എഴുത്തുകളെ വിപുലീകരിച്ച എല്ലാ കോപ്പികളും മുഴുവൻ ഭാഗത്തെയും ഉൾപ്പെടുത്തിയതാണ്, എങ്ങനെയായാലും, ഏ.ഡി. 324 മുതൽ ആ ഭാഗം ഉദ്ധരിക്കപ്പെട്ടിട്ടുണ്ട് (യുസേബിയസ്). പുസ്തക തെളിവിനെ സംബന്ധിച്ചു, ഈ ഭാഗത്തെപോലെ തന്നെ ജോസെഫസിന്റെ എഴുത്തുകളിലെ മറ്റേതൊരു ഭാഗവും തള്ളിക്കളയാം. വിഷയപരമായ വിവേചനത്തിനു മാത്രമെ അതു നിഷേധിക്കുവാൻ സാധിക്കയുള്ളു. യെരുശലേമിന്റെ ഉത്തര ദക്ഷിണ രേഖയിൻകീഴിൽ വരുന്ന *ദ ന്യൂയോർക്ക് ടൈംസ്* ന്യൂസ് സെർവീസ് 1972 ഫെബ്രുവരി 13 നു പറഞ്ഞു, പത്താം – നൂറ്റാണ്ടിലെ അറബികയ്യെഴുത്തു പ്രതി ജോസെഫസിന്റെ പുസ്തകത്തിൽ മാറ്റമുള്ളതു കാണാം, അതിങ്ങനെയാണ്: “ആ കാലത്ത് ബുദ്ധിമാനായ യേശു എന്നൊരാൾ ഉണ്ടായിരുന്നു. അവന്റെ പെരുമാറ്റം നന്നായിരുന്നു, ധഅവൻപ സ്വഭാവ ഗുണമുള്ളവനായി അവനെ കുറ്റം ചുമത്തി ക്രൂശിൽ തറെച്ചു കൊന്നു. അവന്റെ ശിഷ്യന്മാരായവർ അവരുടെ ശിഷ്യത്വം വിട്ടു കളഞ്ഞില്ല. ക്രൂശീകരണം കഴിഞ്ഞ് മൂന്നാം നാൾ അവൻ അവർക്കു പ്രത്യക്ഷനായി, എന്നും ജീവനോടെ ഇരിക്കുന്നു എന്നും എന്നവർ അറിയിച്ചു: അതനുസരിച്ചു ഒരു പക്ഷെ പ്രവാചകന്മാർ അത്ഭുതകരമായി വർണ്ണിച്ച മശിഹ ആയിരുന്നേക്കാം.” [5]ജോസെഫസ് ആന്റികിറ്റീസ് 20.9.1. [6]എഫ്.എഫ്.ബ്രൂസ്, 3 *ദ ന്യൂ ടെസ്റ്റമെന്റ് ഡോക്യുമെന്റ്സ്*: ആർ *ദേ റിലയബിൾ*? (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ലിയു. എം. ബി. ഏർഡ്മാൻസ് പബ്ലിഷിങ്ങ് കമ്പനി', 1954), 102. ബ്രൂസ് ക്ലൗസ്നെർ പറഞ്ഞതിനെ ഉദ്ധരിക്കുന്നുണ്ട്, *ജീസസ്ഓഫ് നസറേത്ത്* 18 എഫ് എഫ്., ആന്റ് മൗറിസ് ഗോഗുവെൽ, *ലൈഫ് ഓഫ് ജീസസ്*, 70 എഫ് എഫ് യെഹൂദന്മാരെ യേശുവിന്റെ ചരിത്രം വിശ്വസിപ്പിക്കുവാൻ “ഒരാൾ ഒരിക്കൽ ഉണ്ടായിരുന്നു, അയാളുടെപേർയേശു അല്ലെങ്കിൽ ക്രിസ്തു എന്നായിരുന്നു,” “അവൻ ടൈബീരിയസിന്റെ വാഴ്ച്ചക്കാലത്ത് പാലസ്തീനിൽ ക്രൂശിൽ തക്കപ്പെട്ടു” (മൗറിസ് ഗോഗുവേൽ, *ലൈഫ് ഓഫ് ജീസസ്* ധന്യൂയോർക്ക്.: ബർനെസ് നോബിൾ, 1933; 3 റ ഇംപ്രെഷൻ, 1958 പ, 70. [7]തോമസ് ഹാർട്ട്വെൽ ഹോർനെർ, *ആൻ ഇൻട്രോഡക്ഷൻ ടു ദ ക്രിട്ടിക്കൽ സ്റ്റഡി നോളേജ് ഓഫ് ദ ഹോളിസ്ക്രിപ്ചഴ്സ്* (ഫിലദെൽഫിയ. ഈ ലിറ്റെൽ, 1831), 1:197. [8]ഇബിഡ്. [9]യേശുവിനെ ഹ – തലുയി, “ദ ഹേങ്ഡ്വൺ,” “*ബൈൻന്റേ്റാറാ,*” ദ സൺ ഓഫ് ദ “വെർജിൻ” എന്നെല്ലാം വിളിച്ചിരുന്നു. പാർത്ഥെനോസ് എന്ന ഗ്രീക്കിൽ ഒരു അഴിമതിയാണ് പാന്റേൺ എന്ന വാക്ക്, “വെർജിൻ” (ഇബിഡ്). [10]യുവാൻ *ജെലിയോൺ*, “സുവിശേഷം” മാറ്റി ‘അഖവൻ – ജിലെയോലൻ അല്ലെങ്കിൽ’ ആവോൺ – ജില്ലയോൺ (ബാബിലോണിയൻ തൽമൂദ്, ട്രാക്ടേറ്റ് ശബ്ബത്ത്, 116 ഏ.ബി, ഉദ്ധരിച്ചത് എഫ്.എഫ്.ബ്രൂസ് 102–ൽ).

[11]ടാസിറ്റസ് *ആന്നൽസ്* 15:44, ഉദ്ധരിച്ചത് ബ്രൂസ്, 117–ൽ. [12]സി പ്ലിനിയസ് സെക്കുന്തൊസ് *എപ്പിസ്റ്റൽസ് ഓഫ് പ്ലിനി* 10:97 ഉദ്ധരിച്ചത് ജെ.ഡബ്ലിയു. മെക്ക് ഗാർവേ, *എവിഡെൻസസ് ഓഫ് ക്രിസ്ത്യാനി*, പാർട്ട് 3 (ലൂയിസ് വില്ലെ: ഗൈഡ് പ്രിന്റിങ്ങ് ആന്റ് പബ്ലിഷിങ്ങ് കമ്പനി., 1891), 12–14. [13]സ്വീടോണിയസ് *ലൈഫ് ഓഫ് ക്ലൌഡിയസ്* 25.4,

ഉദ്ധരിച്ചത് ബ്രൂസ് 118 ൽന. [14]ടാസിറ്റസ് അനാൽസ് 15:44, ഉദ്ധരിച്ചത് ബ്രൂസ് 117–ൽ. [15]ഹോർനർ, 1:200. [16]വെർനെർ കെല്ലെൻ, *ദ ബൈബിൾ ആസ് ഹിസ്റ്ററി* (ന്യൂയോർക്ക്.: വില്ല്യം മോറോ ആന്റ് കമ്പനി, 1958), 379. [17]റോമിലെ വലിയ തീയെ പറ്റി സ്വീട്ടോണി യസും എഴുതിയിട്ടുണ്ട്, ക്ലൗഡിയസിന്റെ പിൻഗാമിയായിരുന്നു നീറോ (64–68), ക്രിസ്ത്യാ നികൾക്കു നേരെ ഉപദ്രവം അഴിച്ചു വിട്ടു, "അവർ ഒരു നോവലിനു അടിമപപെട്ടു മോശ മായ അന്ധ വിശ്വാസത്തിനു അടിമപ്പെട്ടു" (*ലൈഫ് ഓഫ് നീറോ* 21.2, ഉദ്ധരിച്ചത് ബ്രൂസ് 118–ൽ) [18]ജെ. എൽ. ഡാഗ്, *ദ എവിഡെൻസെസ് ഓഫ് ക്രിസ്റ്റ്യാനിറ്റി* (മാക്കൺ, ഗാ.: ജെ. ഡബ്ലിയു. ബർക്കെ ആന്റ് കമ്പനി., 1869), 85, 90. [19]*എൻ സൈ ക്ലോപീഡിയ അമേരിക്കാ നാ*, എസ്. വി "ജീസസ് ക്രൈസ്റ്റ്" ബൈ ഫ്രെഡറിക്.സി.ഗ്രാന്റ്. [20]എച്ച്. ജി.വെൽസ്, ഇൻ എൻ. ബി.ഹാർഡ്മാൻ, *ഡള്ളാസ് ലെക്ചേഴ്സ് ഫോർ* 1943 (ഡള്ളാസ്.: യൂജിൻ സ്മിത്ത്, *1943*), 122.

[21]ബ്രൂസ്, 119. [22]ഹാർവെ, ഡബ്ലിയു.എവെറസ്റ്റ്, *ദ ഡിവൈൻ ഡെമോൺസ്ട്രേ ഷൻ* (സെന്റ് ലൂയിസ്: ക്രിസ്റ്റ്യൻ ബോർഡ് ഓഫ് പബ്ലിക്കേഷൻ, 1884), 85.

© 2009 Truth for Today